2. ഡിഡിറ്റി, സിന്തറ്റിക് പൈറത്രോയ്ഡ് തുടങ്ങിയ കീടനാശിനികൾ തളിക്കുന്നുണ്ട്.

3. കൊതുകിന്റെ കൂത്താടികളെ നശിപ്പിക്കുന്നതിനായി ഓടകളിലും ജല ശേഖരങ്ങളിലും ബേയ്ടെക്സ്, അബേറ്റ് തുടങ്ങിയ കൂത്താടി നാശിനികൾ തളിച്ചുവരുന്നു.

4. കൊതുകിന്റെ കൂത്താടികൾ വളരുന്ന സ്രോതസ്സുകൾ കണ്ടുപിടിച്ച് അവയെ നശിപ്പിക്കുകയോ കൂത്താടി വളരുവാനുള്ള സാഹചര്യം ഇല്ലാതാക്കുകയോ ചെയ്യുന്നു.

5. കൊതുകിന്റെ കൂത്താടികളെ ഭക്ഷിക്കുന്ന മത്സ്യക്കുഞ്ഞുങ്ങളെ വിതരണം ചെയ്തുവരുന്നു.

6. കൊതുകു നിയന്ത്രണ പരിപാടികളിൽ പൊതുജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തുവാൻ ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചുവരുന്നുണ്ട്.

വൈറൽ പനി തുടങ്ങിയ പകർച്ചവ്യാധികൾ

133 [136] ശ്രീ. ജോസഫ് എം. പുതുശ്ശേരി:
ശ്രീമതി. എലിസബത്ത് മാമ്മൻ മത്തായി:
ശ്രീ. സ്റ്റീഫൻ ജോർജ്ജ്:
,, തോമസ് ഉണ്ണിയാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാലത്ത് സംസ്ഥാനത്ത് ഉണ്ടാകുന്ന വൈറൽ പനി തുടങ്ങിയ പകർച്ചവ്യാധികൾ പടർന്നു പിടിക്കാതിരിക്കാൻ ഈ വർഷം എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും എങ്കിൽ എന്തെല്ലാമെന്നും വിശദമാക്കാമോ;

(ബി) പകർച്ചവ്യാധികൾ തടയുന്നതിനുള്ള ഔഷധങ്ങൾ മിക്ക ജില്ലാ/താലൂക്ക് സർക്കാർ ആശുപത്രികളിലും ലഭ്യമല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതൊഴിവാക്കാനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വായുവിൽകൂടി പടരുന്ന വൈറൽ പനിക്ക് നിലവിൽ പ്രതിരോധ കുത്തിവയ്പ് ലഭ്യമല്ല. പനി കൂടുതലായി കണ്ടുവരുന്ന സ്ഥലങ്ങളിൽ ഫീവർ ക്ലിനിക്കുകളും ചികിത്സാ സൗകര്യങ്ങൾ കുറഞ്ഞ സ്ഥലങ്ങളിൽ മെഡിക്കൽ ക്യാമ്പുകളും നടത്തിവരുന്നു. പൊതുജനങ്ങൾ കൈക്കൊള്ളേണ്ട മുൻകരുതലുകളെപ്പറ്റി ശരിയായ അവബോധം ജനിപ്പിക്കാനുതകുന്ന ആരോഗ്യ ബോധവൽക്കരണ പരിപാടികളും ബിറ്റ്നോട്ടീസ് വിതരണവും ചെയ്തുവരുന്നു. കൂടാതെ റിലീഫ് ക്യാമ്പുകളിൽ മെഡിക്കൽ സംഘം സന്ദർശിച്ച് ആവശ്യമായ ചികിത്സയും ബോധവൽക്കരണ പരിപാടികളും ചെയ്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ജലജന്യരോഗങ്ങൾ തടയുവാനായി കിണറുകളും മറ്റു ജലസ്രോതസ്സുകളും ആവർത്തിച്ചു ക്ലോറിനേറ്റ് ചെയ്തുവരുന്നുണ്ട്. ഇതിനു പുറമെ പാനീയ ചികിത്സ യെപ്പറ്റിയും ജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തുന്നുണ്ട്.

(ബി) പകർച്ചവ്യാധികൾ പലതും തടയുന്നതിനുള്ള പ്രതിരോധ ഔഷധങ്ങൾ നിലവിലില്ല. ഇപ്പോൾ ആശുപത്രികളിൽ ചികിത്സ നൽകുന്നതിനാ വശ്യമായ മരുന്നുകൾ ലഭ്യമാണ്. അത്യാവശ്യ ഘട്ടങ്ങളിൽ എച്ച്.ഡി.സി. ഫണ്ട് ഉപയോഗിച്ച് ലോക്കൽ പർച്ചേസ് ചെയ്യുവാൻ ആശുപത്രി സൂപ്രണ്ട്മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശസ്ത്രക്രിയയ്ക്കുള്ള നൂൽ

134 [137] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
,, കെ. എ. ചന്ദ്രൻ:
,, വി. ഡി. സതീശൻ:
,, എം. പി. ഗംഗാധരൻ:
,, ജോർജ്ജ് ജെ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003 ജൂൺ മാസത്തിനുശേഷം സംസ്ഥാന ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രികളിൽ ശസ്ത്രക്രിയയ്ക്കുള്ള നൂല് ലഭ്യമല്ലാത്തതിനാൽ ശസ്ത്ര ക്രിയ മാറ്റിവയ്ക്കേണ്ടിവന്നിട്ടുണ്ടോ;

(ബി) പ്രസ്തുത ആശുപത്രികളിൽ ശസ്ത്രക്രിയയ്ക്കു വിധേയരാകേണ്ടവർ തന്നെ നൂൽ കൊണ്ടുവരേണ്ടി വന്നിട്ടുണ്ടോയെന്നും എങ്കിൽ എത്ര പേർ എന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത ആശുപത്രികളിൽ ശസ്ത്രക്രിയയ്ക്കുള്ള നൂൽ ലഭ്യമാകാ ത്തതിനുള്ള കാരണങ്ങൾ എന്താണെന്നും ഈ കാലയളവിൽ പ്രസ്തുത ആശുപത്രി കളിൽ ലോക്കൽ പർച്ചേസിലൂടെ ലഭ്യമാക്കിയ നൂൽ ഉപയോഗിച്ചതുമൂലം എത്ര ഓപ്പറേഷനുകൾ തകരാറിലായിട്ടുണ്ട് എന്നും വിശദമാക്കാമോ?

ഉത്തരം

(എ) ശസ്ത്രക്രിയ മാറ്റിവയ്ക്കേണ്ടതായി വന്നിട്ടില്ല.

(ബി) ഉണ്ട്. 18300 പേർ നൂൽ കൊണ്ടുവരേണ്ടി വന്നിട്ടുണ്ട്.

(സി) 2003-2004-ൽ സെൻട്രൽ പർച്ചേഴ്സ് കമ്മിറ്റി ശസ്ത്രക്രിയ നൂൽ വാങ്ങു ന്നതു സംബന്ധിച്ച് ഒരു കമ്പനിയുമായും കരാറിൽ ഏർപ്പെട്ടിരുന്നില്ല. എന്നാൽ ഇതി നായുള്ള ടെണ്ടറുകൾ വിളിച്ചു. ടെണ്ടറിൽ പങ്കെടുത്ത ആറ് കമ്പനികളുടെയും നൂലിന്റെ സാമ്പിളുകൾ കസൗളിയിലുള്ള സെൻട്രൽ ഡ്രഗ്സ് ലാബിലേക്ക് പരിശോ ധനാ റിപ്പോർട്ടിനായി അയച്ചിരിക്കുകയാണ്. ഇതിന്റെ ഫലം അറിവായിട്ടില്ല. ഡി.ജി. എസ്.ഡി.റേറ്റ് കോൺട്രാക്റ്റ് മുഖാന്തിരം ശസ്ത്രക്രിയ നൂൽ വാങ്ങുന്നതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly